കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിലമേൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-3/1946/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –18/12/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നിലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിലമേൽ ഗ്രാമപഞ്ചായത്ത് 2016-2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും

അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-3/1946/2017തീയതി: 18/12/2017

## കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമ പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-10-2016 മുതൽ 10-09-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബിനുകുമാർ ജി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.17 മുതൽ 28.10.17വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഐസക് ജോൺ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശശി ജോഷ് | അസി.ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| | ശ്രീ. സുബി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനു.കെ.ആനന്ദ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മുഹമ്മദ് കുഞ്ഞ് | 01.11.15 മുതൽ 10.01.17 വരെ |
| | ശ്രീ.എ.എം.റാഫി | 24.01.17 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീമതി.ഡി.ബേബി സരോജം | 01.04.16 മുതൽ 02.08.16 വരെ |
| | ശ്രീ.പ്രതാപചന്ദ്രൻപിള്ള | 03.08.16 മുതൽ 03.03.17വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി.ഡി.ബേബി സരോജം | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എസ്.അജിത കുമാരി | 01.04.16 മുതൽ 31.03.17 വരെ |
| വെറ്റിനറി സർജൻ | ഡോ.സിമി റബേക്കാ ജോസഫ് | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.മുഹമ്മദ് ഷെഫീക്ക് മസാനി | 01.04.16മുതൽ 31.12.16വരെ |
| | ഡോ.ഉഷ കെ.കെ | 19.01.17മുതൽ 31.03.17 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.ഡി.ബാബു | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. അജയൻ | 01.04.16മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കെ.വി.ശ്രീകുമാരി. | 01.04.16 മുതൽ 31.03.17 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാധാകൃഷ്ണൻ | 01.04.16മുതൽ 31.03.17 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.വിജയകുമാരൻപിള്ള. | 01.04.16 മുതൽ 31.03.17 വരെ |
| അസി. എക്സി.എഞ്ചിനീയർ | ശ്രീ.അശോക് കുമാർ റ്റി.വി. | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.സുരേഷ് ബാബു | 01.04.16മുതൽ 31.03.17 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| | ഭാഗം 2 | |
| 11 | സ്ഥാപന തൊഴിൽനികുതിയും തൊഴിൽനികുതിയും ഈടാക്കിയില്ല. | 2-1 |
| 12 | കടവാടക ഈടാക്കിയില്ല | 2-2 |
| 13 | ലേലതുക ഈടാക്കിയില്ല - നഷ്ടം 23,100/- രൂപ. | 2-3 |
| 14 | ഇ-ടെണ്ടർപ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഇനത്തിലുള്ള 63,730/-രൂപ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-4 |
| | ഭാഗം 3 | |
| 15 | ഡി.എ.കുടിശ്ശിക അനുവദനീയമായതിലും കൂടുതൽ തുക നൽകി-9,113 രൂപ നിരാകരിക്കുന്നു | 3-1 |
| 16 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കൂട്ടർ വിതരണം _ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് 1,00,000 രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 17 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക | 3-3 |

| | | |
|---|---|---|
| | ബാങ്ക്അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം. | |
| 18 | മരുന്നു ലഭ്യമാകാൻ ശേഷിക്കുന്നു. | 3-4 |
| 19 | റോഡുപുനരുദ്ധാരണ പ്രവൃത്തികളിൽ പ്രധാനയിനമായ റീടാറിംഗ് നടപ്പാക്കിയില്ല – പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയില്ല | 3-5 |
| 20 | റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ 1:2:4 കോൺക്രീറ്റിന് അധികനിരക്കനുവദിച്ചു- നിരാകരിക്കുന്ന തുക 14,070/ രൂ. | 3-6 |
| 21 | അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ പരിപാലനം -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-7 |
| 22 | കമ്പ്യൂട്ടർ വാർഷിക അറ്റകുറ്റപ്പണി - വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകളോ ലൈസൻസ് വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-8 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-3 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 17.03.16 തിയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 14/07/17 | ഇല്ല. | ഇല്ല. |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27-10-2017 | കെ.എസ്.എ.കെ.എൽ.എം.പി-3/ 1946/17, തീയതി.18/12/17. |

1) വരവിനങ്ങളിൽ തൊഴിൽ നികുതി,ഡി & ഒ ലൈസൻസ് ഫീസ് എന്നിവ തന്നാണ്ട് ഡിമാന്റും കളക്ഷനും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

2)ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കി സാംഖ്യ വരവ് ചെലവുകളുമായി തുലനം ചെയ്യാവുന്നവിധത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)B-18 ഷെഡ്യൂളിൽ Advance to implementing agencies ഹെഡിൽ മുൻവർഷം നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരുന്ന തുക ഇപ്പോഴും നിക്കിയിരിപ്പായി കാണുന്നു. (കേരള വാട്ടർ അതോറിറ്റി – 5,78,828/-, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് – 3,89,188/-) തുക ക്രമീകരിച്ചിട്ടില്ല.
4)ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-12 ഇൻവെസ്റ്റ്മെന്റിൽ ഫിക്സഡ് ഡെപ്പോസിറ്റ് തുക (4,55,495/-രൂപ) ഉൾപ്പെടുത്തിയിട്ടില്ല.
5)ക്യാപ്പിറ്റൽ വർക്ക്-ഇൻ പ്രോഗ്രസ് തുക യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് ചെയ്ത വാർഷികധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33,03,991 |
| വരവ് | 4,05,77,384 |
| ആകെ | 4,38,81,375 |
| ചെലവ് | 3,83,06,453 |

| നീക്കിയിരിപ്പ് | 55,74,922 |
|---|---|

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 69,09,815 | 69,09,815 | 69,09,815 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 35,10,307 | 35,10,307 | 35,10,307 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 60,72,713 | 60,72,713 | 60,72,713 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 18,89,524 | 18,89,524 | 18,89,524 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 32,58,762 | 32,58,762 | 32,88,762 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2,50,688 | 2,50,688 | 2,50,688 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 313 | 1,76,66,195 | 1,76,66,508 | 1,76,61,690 | 4,818 | 99.7 |
| ബി ഫണ്ട് | 0 | 2,79,08,055 | 2,79,08,055 | 2,79,08,055 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 4,34,97,010 | 76 | 2,45,33,000 | 7 | 35 | 64.4 |

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ

തനതുവരുമാനത്തിൽ താഴെപ്പറയും പ്രകാരം 47.29 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 23,09,563 | 55,98,555 | 32,88,992 | (+)142 |
| നികുതിയേതര വരവുകൾ | 13,78,407 | 12,69,570 | (-)1,08,837 | (-)7.8 |
| മറ്റുവരവുകൾ | 44,28,681 | 50,87,121 | 6,58,440 | (+)14.88 |
| ആകെ | 81,16,651 | 1,19,55,246 | 38,38,595 | (+)47.29 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,54,040 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 14,99,880 | 153 |
| വിധവാപെൻഷൻ | 93,33,020 | 787 |
| വാർദ്ധക്യകാലപെൻഷൻ | 1,42,67,615 | 1127 |
| വികലാംഗപെൻഷൻ | 22,39,975 | 220 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 41,800 | 3 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,70,000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-10-2017 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 3,050/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട്ഓഫീസ് സംവിധാനം കാര്യക്ഷമമല്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. തനതുഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിരിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.17 | 08/2017,09/17 | ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽനികുതിയും തൊഴിൽനികുതിയും ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽനികുതി ചട്ടം (കേരള പഞ്ചായത്ത് രാജ് ആക്ട് 3(2) മുതൽ (11)വരെ)പ്രകാരം ഗ്രാമപഞ്ചായത്തുപ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും ഓരോ അർദ്ധവർഷവും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്. 2016-17 സാമ്പത്തികവർഷം വിവിധ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടവാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | 2016- 17 |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. | I&II |
| 2 | അപരാജിത ഡൈനാമിക് സിനർജിസ് പ്രൈവറ്റ് ലിമിറ്റഡ്. | I&II |
| 3 | നിലമേൽ സർവ്വീസ് സഹകരണബാങ്ക്, കൈതോട് | I&II |

സുന്ദരം ഫിനാൻസ് എന്ന സ്ഥാപനത്തിലെ ഉദ്യോഗസ്ഥരിൽ നിന്നും 2016-17 രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

നിലമേൽ കൃഷിഭവനിലെ പി.റ്റി.എസ് ആയ ശ്രീമതി. ബേബി.ആർ-ന്റെ ഒന്നാം

അർദ്ധവർഷത്തെ വരുമാനം സ്റ്റേറ്റ്മെന്റ് പ്രകാരം 76,659/- രൂപയാണ്. ടിയാനിൽനിന്നും തൊഴിൽനികുതിയിനത്തിൽ 750/- രൂപ ഈടാക്കേണ്ടതിനുപകരം 600/- രൂപ മാത്രമേ ഇടാക്കിയിട്ടുള്ളൂ.

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതിയും തൊഴിൽനികുതിയും ഈടാക്കാത്ത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.6 /20/10/17) തൊഴിൽനികുതി ഒടുക്കണമെന്നാവശ്യപ്പെട്ട് ടി സ്ഥാപങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. സ്ഥാപന തൊഴിൽനികുതിയും തൊഴിൽനികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 കടവാടക ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് വാടക ഒടുക്കാത്ത വാടകക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കട മുറി നം | കട വാടകയ്ക്ക് എടുത്ത വ്യക്തി | മാസ വാടക | വാടക കുടിശ്ശിക വരുത്തിയ മാസങ്ങൾ | വാടക കുടിശ്ശിക |
|---|---|---|---|---|---|
| 1 | 3 | മാനേജർ, ഹോർട്ടികോർപ്പ് | 8,500 | 15/02/17 മുതൽ 03/17 വരെ | 12,750 |
| 2 | 8 | ശ്രീ.നസീം എസ്.എൻ, നിജാം മൻസിൽ, നിലമേൽ | 13,500 | 03/17 | 13,500 |
| 3 | 9 | ശ്രീ.കെ.ഉമ്മർ കൊടിക്കോണത്ത് ചരുവിളപുത്തൻവീട്, ബംഗ്ലാംകുന്ന്. | 758 | 06/16 മുതൽ 01/17 വരെ | 6,064 |
| | | ശ്രീ.സലീം കുമാർ, ഓർമ്മ | 4,050 | 03/17 | 4,050 |
| 4 | 13 | ശ്രീ.അജിത്ത്,കരിക്കത്തിൽ | 1,100 | 02/17 മുതൽ | 2,200 |

| | | | | | |
|---|---|---|---|---|---|
| | | വീട്,<br>കുരുന്തലക്കോട് | | 03/17 വരെ | |
| 5 | മാർക്കറ്റ് സ്റ്റാൾ നം.5 | ജനറൽ മാനേജർ,<br>സപ്ലൈകോ | 25,019 | 03/17 | 25,019 |

വിശദാംശം ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/10-07-2017) ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക ഒടുക്കുവരുത്തുന്നതിന് ടി വ്യക്തികൾക്ക് നോട്ടീസ് നൽകി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. കുടിശ്ശിക തുക സർവ്വീസ് ചാർജ്ജും പലിശയുമുൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 <u>ലേല തുക ഈടാക്കിയില്ല. നഷ്ടം **- 23,100/-** രൂപ</u>

2016-17 സാമ്പത്തികവർഷം നിലമേൽ ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം 33,100/- രൂപയ്ക്ക് ശ്രീ.നസീൽ,Z-ZER അഡ്വർടൈസിംഗ് , ഷിമി മൻസിൽ എന്നയാൾ 15.03.16 ൽ ലേലത്തിൽ പിടിച്ചു. 23.03.16 ലെ ബഹു. പഞ്ചായത്ത് കമ്മറ്റിയുടെ III(1)-ാം നമ്പർ തീരുമാനപ്രകാരം ലേലം ഉറപ്പിച്ചു നൽകി.

ലേല നിബന്ധന 9 പ്രകാരം ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് കിട്ടിയാലുടൻ ലേലതുകയുടെ മൂന്നിലൊന്ന് തുക അഡ്വാൻസായി പഞ്ചായത്തിൽ ഒടുക്കി സ്വന്തം ചെലവിൽ 200/-രൂപ മുദ്രപത്രത്തിൽ പഞ്ചായത്തിൽനിന്ന് നിർദ്ദേശിക്കുന്നപ്രകാരം കരാർ എഴുതി കൊടുക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ലേലാവകാശം നഷ്ടപ്പെടുന്നതും ആദ്യ ലേലക്കാരന്റെ നഷ്ടോത്തരവാദത്തിൽ പുനർലേലം നടത്തേണ്ടതാണെന്നുംവ്യക്തമാക്കുന്നുണ്ട്.

എന്നാൽ ടി വ്യക്തിയുമായി കരാർ വയ്ക്കുകയോ അഡ്വാൻസ് തുക ഒടുക്കുകയോ, ലേല തുകയ്ക്കുള്ള സോൾവൻസിയോ, ബാങ്ക് ഗ്യാരന്റിയോ വാങ്ങുകയോ ചെയ്തിട്ടില്ല. 14.07.16 ൽ 11603100720 നമ്പർ രസീതു പ്രകാരം 10,000/- രൂപ ടിയാൻ ഒടുക്കുവരുത്തിയിട്ടുണ്ട്. 23,100/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.5 തീയതി 20.10.17) മറുപടി ലഭ്യമാക്കിയില്ല.

ലേലനിബന്ധനകൾ പാലിക്കാതിരുന്നതും നിർദ്ദേശിച്ചിരുന്ന കാലയളവിനുള്ളിൽ ലേലതുക പൂർണ്ണമായും ഒടുക്കാതിരുന്ന കരാറുകാരനെതിരെ നാളിതുവരെ നടപടി

സ്വീകരിക്കാതിരുന്നതും അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ലേലനിബന്ധനകൾ പാലിക്കേണ്ടതും അടിയന്തിരമായി ലേലതുക പലിശസഹിതം കരാറുകാരനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-4 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഇനത്തിലുള്ള 63,730/-രൂപ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

2016-17 വർഷം ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫോറ വില (വാറ്റ് ഉൾപ്പടെ)(രൂ) | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ആകെ തുക (രൂ.) |
|---|---|---|---|---|
| 1 | പ്രോജക്ട് നം.S0030/17<br>കൈതക്കുഴി -കാവൂർക്കോണം പുള്ളിപ്പച്ച കോളനി റോഡ് പുനരുദ്ധാരണം. | 2,630/- | 6 | 15,780/- |
| 2 | പ്രോജക്ട് നം.S0079/17<br>എലിക്കുന്നാംമുകൾ പൂവറ്റൂർ റോഡ് പുനരുദ്ധാരണം. | 2,630/- | 2 | 5,260/- |
| 3 | പ്രോജക്ട് നം.S0080/17<br>വേയ്ക്കൽ പുള്ളിപ്പച്ച റോഡ് പുനരുദ്ധാരണം. | 2,100/- | 4 | 8,400/- |
| 4 | പ്രോജക്ട് നം.S0081/17<br>കരുന്തലക്കോട് മൂപ്പൻമുക്ക് വലിയവഴി റോഡ് പുനരുദ്ധാരണം | 2,630/- | 3 | 7,890/- |
| 5 | പ്രോജക്ട് നം.S0082/17<br>ബംഗ്ലാംകുന്ന് വട്ടപ്പാറ റോഡ് | 2,630/- | 3 | 7,890/- |

| | | | | |
|---|---|---|---|---|
| | റീടാറിംഗ് | | | |
| 6 | പ്രോജക്റ്റ് നം.S0084/17<br>കണ്ണംകോട്-ചോറ്റുകുഴി വളയിടം വൈദ്യശാല റോഡ് പുനരുദ്ധാരണം | 2,630/- | 4 | 10,520/- |
| 7 | പ്രോജക്റ്റ് നം.S0085/17<br>വലിയവഴി ഊന്നൻപാറ റോഡ് പുനരുദ്ധാരണം | 1,260/- | 1 | 1,260/- |
| 8 | പ്രോജക്റ്റ് നം.S0087/17<br>ആലയിൽ-കണ്ണംകോട് റോഡ് പുനരുദ്ധാരണം | 1,370/- | 2 | 2,740/- |
| 9 | പ്രോജക്റ്റ് നം.S0052/17<br>കുരിയോട്-കണിയാരംകോണം റോഡ് പുനരുദ്ധാരണം | 1,050 | 1 | 1,050/- |
| 10 | പ്രോജക്റ്റ് നം.S0050/17<br>പുതുശ്ശേരി-കാരോട് റോഡ് കോൺക്രീറ്റിംഗ് | 1,050 | 2 | 2,100 |
| 11 | പ്രോജക്റ്റ് നം.S0092/17<br>ബംഗ്ലാംകുന്ന് ഈന്തലിൽ റോഡ് റീടാറിംഗ് | 840 | 1 | 840 |
| ആകെ | | | | 63,730/- |

ടെണ്ടർ ഫോറം വില, വാറ്റ് എന്നീ ഇനത്തിൽ ഈടാക്കി, കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 63,730/-രൂപ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.9/28.10.2017) മറുപടിയിൽ ഒരാഴ്ചയ്ക്കുള്ളിൽ തന്നെ വിവരങ്ങൾ ഹാജരാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഡി.എ.കുടിശ്ശിക അനുവദനീയമായതിലും കൂടുതൽ തുക നൽകി 9,113 രൂപ നിരാകരിക്കുന്നു

സർക്കാർ ഉത്തരവ് (പി.) 61/2016 ധന തീയതി 5-5-16 പ്രകാരം ജനുവരി 2016 മുതൽ ഏപ്രിൽ 2016 വരെയുള്ള ഡി.എ.കുടിശ്ശിക 16,961/-രൂപ മുൻസെക്രട്ടറി, ശ്രീ.സി.വി.രാധാകൃഷ്ണന് അനുവദിച്ചിട്ടുണ്ട്. [വൗച്ചർ നം: 21600282, തീയതി-20-7-16]. അദ്ദേഹം വിരമിച്ചിരുന്നതിനാൽ പണമായിട്ടാണ് കുടിശ്ശിക അനുവദിച്ചിട്ടുള്ളത്. 2014 ലെ ശമ്പള പരിഷ്കരണത്തിനുശേഷമാണ് കുടിശ്ശിക അനുവദിച്ചിട്ടുള്ളത്. കുടിശ്ശികയായ നാലു മാസവും അടിസ്ഥാന ശമ്പളം 65,400/-രൂപയായതിനാൽ അടിസ്ഥാന ശമ്പളത്തിന്റെ 6% ത്തിൽ നിന്ന് 9% ആകുമ്പോഴുള്ള കുടിശ്ശിക പ്രതിമാസം 1,962/- രൂപ മാത്രമാണ്. അതനുസരിച്ച് 4 മാസത്തേക്ക് 7,848/- രൂപയ്ക്ക് മാത്രമാണ് അർഹത. 9,113/-രൂപ അധികമായാണ് അനുവദിച്ചിട്ടുള്ളത്, കുടിശ്ശിക കണക്കാക്കിയപ്പോൾ 2016 ജനുവരിയിൽ ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള തുക വാങ്ങിയ ശമ്പളമായി കാണിച്ചതുകൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായത്. അധികം അനുവദിച്ച 9,113/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക മുൻസെക്രട്ടറി ശ്രീ.സി.വി.രാധാകൃഷ്ണനിൽനിന്നും ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്.

### 3-2 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കൂട്ടർ വിതരണം _ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ്.1,00,000 രൂപ തടസ്സപ്പെടുത്തുന്നു'

കൊല്ലം ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കൂട്ടർ വിതരണം [പ്രോ.86/16 - 17] എന്ന പദ്ധതിക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 1 ലക്ഷം രൂപ [ബിൽനം: 3/16-17 തീയതി 18-2 - 17 ] കൊല്ലം ജില്ലാപഞ്ചായത്തിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന കൈമാറിയിട്ടുണ്ട്. പദ്ധതി നാളിതുവരെ നടപ്പിലാക്കിയതായോ പഞ്ചായത്ത് നൽകിയ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമായതായോ കാണുന്നില്ല. ഇക്കാരണത്താൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു- സർക്കാർ നിർദ്ദേശത്തിനുവിരുദ്ധം.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പിലാക്കിയതുമുതൽ ബാങ്കിംഗ് ട്രഷറി മുഖേന ബില്ലുമാറുന്ന പഞ്ചായത്തുകളിൽ നിർവഹണോദ്യോഗസ്ഥർ പ്രത്യേകബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതില്ല എന്ന് ജി.ഓ.(പി) നം. 516/2004/ധന തീ-3.11.2004 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലമേൽ ഗ്രാമപഞ്ചായത്തിന്റെ ബില്ലുകൾ മാറുന്നത് ബാങ്കിംഗ് ട്രഷറിയായ കടയ്ക്കൽ സബ് ട്രഷറിമുഖേനയാണ്. എന്നാൽ നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ (എൽ.എസ്.ജി.ഡി)യുടെ പേരിൽ എസ്.ബി.റ്റി, കടയ്ക്കൽ ബ്രാഞ്ചിൽ അക്കൗണ്ട് നിലവിലുണ്ട് (അക്കൗണ്ട് നം.67055131170). പ്രസ്തുത അക്കൗണ്ടിൽ 25.10..2017-ലെ നീക്കിയിരിപ്പ് 26,774/- രൂപയാണ്. ടി തുക എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടച്ച് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്.

## 3-4 മരുന്നു ലഭ്യമാകാൻ ശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി ഔഷധി, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ തുക മുൻകൂറായി നിക്ഷേപിച്ചിരുന്നുവെങ്കിലും മരുന്ന് ഇനിയും ലഭ്യമാകാൻ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിവരം | നിക്ഷേപിച്ച തുക, സ്ഥാപനം | ഡി.ഡി/ ബിൽ.നം, തീയതി | ലഭ്യമാക്കിയ മരുന്ന്/ ഉപകരണങ്ങളുടെ വില | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്ന്/ ഉപകരണങ്ങളുടെ വില |
|---|---|---|---|---|
| ആയുർവേദ ആശുപത്രി മരുന്നുവാങ്ങൽ, 83/17 | 2,00,000/- (ഔഷധി) | 4/16-17/ 28-2-2017 | 3,99,335 | 1,00,665 |

| | | | | |
|---|---|---|---|---|
| വൃദ്ധജനാ രോഗ്യം 78/17 | 3,00,000/- (ഔഷധി) | 3/16-17/ 28-2-2017 | | |
| പാലിയേറ്റിവ് പരിചരണ പദ്ധതിയിൽ മരുന്ന വാങ്ങൽ, 67/17 | 1,00,000/- (കെ.എം.എസ്.സി.എൽ) | 5/16-17/ 23-03-2017 (ബിൽ പ്രകാരം മാറിയ 1,2,01,200 രൂപയിൽ നിന്നും 1,00,000/-രൂപ) | | 1,00,000/- |

മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കാനുള്ള മരുന്നുകളുടെ വില 2,00,665/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 റോഡ് പുനരുദ്ധാരണപ്രവൃത്തികളിൽ പ്രധാന ഇനമായ റീടാറിംഗ് നടപ്പാക്കിയില്ല - പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന തൻവർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ പ്രധാന ഇനമായ റീടാറിംഗ് നടപ്പാക്കിയില്ല. റീടാറിംഗ്, ഐറിഷ് ഡ്രെയിൻനിർമ്മാണം, സംരക്ഷണഭിത്തിനിർമ്മാണം എന്നീ ഇനങ്ങളാണ് പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഐറിഷ് ഡ്രെയിൻനിർമ്മാണം, സംരക്ഷണഭിത്തിനിർമ്മാണം എന്നിവ മാത്രമാണ് നടപ്പിലാക്കിയത്. ആയതിനാൽ പദ്ധതികൾ ഫലപ്രാപ്തിയിലെത്താൻ കഴിഞ്ഞിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് ,വിവരങ്ങൾ | ബിൽ നം/ തീയതി | തുക (രൂ) |
|---|---|---|---|
| 1 | നം.S0080/17<br>വേയ്ക്കൽ- പുള്ളിപ്പച്ച റോഡ് പുനരുദ്ധാരണം.<br>അടങ്കൽ-10,00,000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്)<br>കരാറുകാരൻ- നിസാറുദ്ദീൻ. എസ്. (828178.61 രൂ.)<br>എഗ്രി.നം./തീയതി-<br>16/AE/LSGD/NML/ | 26/16-17 /31.3.17 | 3,08,314/- |

| | | | |
|---|---|---|---|
| | 16-17/2.2..2017 | | |
| 2 | നം.S0081/17<br>കരുന്തലക്കോട് മൂപ്പൻമുക്ക് വലിയവഴി റോഡ് പുനരുദ്ധാരണം.<br>അടങ്കൽ-11,50,000/-<br>(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)<br>കരാറുകാരൻ-<br>ഹാരീസ്<br>(940372.68 രൂ.)<br>എഗ്രി.നം./തീയതി-<br>17/AE/LSGD/NML/<br>16-17/2.2..2017 | 31/16-17<br>/31.3.17 | 5,25,000/- |
| 3 | നം.S0084/17<br>കണ്ണങ്കോട് ചേറാറ്റുകുഴി വളയിടം വൈദ്യശാല റോഡ് പുനരുദ്ധാരണം.<br>അടങ്കൽ-2150000/-<br>(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)<br>കരാറുകാരൻ-<br>നിസാറുദ്ദീൻ. എസ്.<br>(1636542.02രൂ.)<br>എഗ്രി.നം./തീയതി-<br>15/AE/LSGD/NML/<br>16-17/2.2..2017 | 28/16-17<br>/31.3.17 | 10,22,975/- |

| | |
|---|---|
| ആകെ | 18,56,289/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/28.10.2017) ലഭ്യമാക്കിയ മറുപടിയിൽ ബിറ്റുമെൻ ലഭിക്കാത്തതുകൊണ്ടാണ് റീടാറിംഗ് നടത്താത്തതെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഉടൻതന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്നും പരാമർശിച്ചിരിക്കുന്നു. റീടാറിംഗ് പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് പദ്ധതി ഫലപ്രാപ്തിയിലെത്തിയ്ക്കേണ്ടതാണ്.

## 3-6 റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ 1:2:4 കോൺക്രീറ്റിന് അധികനിരക്ക് അനുവദിച്ചു- നിരാകരിക്കുന്ന തുക- 14,070/ രൂപ

ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോഡ്-4.1.3

C.C.1:2:4 ( 1 cement: 2 coarse sand: 4 graded stone aggregate 20mm nominal size)

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |
| 0295 | Stone Aggregate (Single Size):20mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single Size):10mm nominal size | cum | 0.220 | 1175 | 258.50 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2202 | Carriage of Stone Aggregate below 40mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand (Zone III) | cum | 0.445 | 1200 | 534.00 |
| 2203 | Carriage of Coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6300 | 2016.00 |
| 2209 | Carriage of Cement | tonne | 0.320 | 94.65 | 30.29 |
| | LABOUR | | | | |
| 0155 | Mason (average) | day | 0.100 | 417 | 41.70 |
| 0114 | Beldar | day | 1.630 | 329 | 536.27 |
| 0101 | Bhisti | day | 0.700 | 363 | 254.50 |
| 0002 | Hire charges of concrete mixer 0.25 to 0.40 cum with Hopper | day | 0.070 | 800 | 56.00 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 0012 | Vibrator (Needle type 40mm) | day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.300 | 1.78 | 25.45 |
| | Total | | | | 4706.23 |
| | Add water charge @ 1% | | | | 47.06 |
| | Total | | | | 4753.29 |
| | Add CPOH @ 15% | | | | 712.99 |
| | Cost of 1 cum | | | | 5466.28 |
| | Say | | | | 5466.30 |

മേൽ സൂചിപ്പിച്ച അടിസ്ഥാനനിരക്കിനെ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന തീയതിയിൽ നിലവിലുള്ള കോസ്റ്റ്ഇൻഡെക്സ് കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കായി കണക്കാക്കേണ്ടത്.

ഇതനുസരിച്ച് കരാർ പ്രവൃത്തികൾക്ക് 1.1.2015-ൽ അനുവദനീയമായ നിരക്ക് 5466.30X1.4190 = 7756.68/cum.ആണ്. കൂടാതെ കൺവീനർ വർക്കുകൾക്ക് 1.8.2015-ൽ അനുവദനീയമായ നിരക്ക്= 4753.29x1.4762= 7016.80/cum ആണെന്നു കാണുന്നു.

എന്നാൽ, ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ പ്രസ്തുത ഇനത്തിന് നൽകിയിട്ടുള്ളത്

ഡി.എസ്.ആർ, 2014 കോഡ് 11.7 പ്രകാരമുള്ള അടിസ്ഥാനനിരക്കാണ്. പ്രസ്തുതനിരക്കിൽ ബ്രിക്ക് ലേയിംഗ് ഉൾപ്പടെയുള്ള ഫ്ലോർ ഫിനിഷിംഗ് വർക്കുകളുടെ ലേബർ ചാർജ്ജ് കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫ്ലോർ ഫിനിഷിംഗ് ആവശ്യമില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച നിരക്കിനെ അടിസ്ഥാനനിരക്കായി പരിഗണിച്ചുകൊണ്ട് കരാർ പ്രവൃത്തികൾക്ക് 1.1.2015 പ്രാബല്യത്തിൽ നിരക്ക് 8172.30/m3 ആയും, കൺവീനർ വർക്കുകൾക്ക് 1.8.2015-പ്രാബല്യത്തിൽ നിരക്ക് 7392.81/m3 ആയും, നിശ്ചയിച്ചിട്ടുള്ളത് അംഗീകരിക്കുന്നില്ല.

C.C.1:2:4-ന് ഉയർന്ന നിരക്ക് അനുവദിച്ച പ്രവൃത്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരം | CC. 1:2:4-ന്റെ അളവ് | അനുവദിച്ച തുക | അനുവദനീയമായ തുക | വ്യത്യാസം | ടെണ്ടർ കുറവ് | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1)നം.S0039/17<br>കാവൂർക്കോണം കോളനി റോഡ് പുനരുദ്ധാരണം.<br>അടങ്കൽ-350000/- (Plan-SCP)<br>കരാറുകാരൻ- രാജീവ്.കെ (എസ്റ്റിമേറ്റ് നിരക്ക്)<br>എഗ്രി.നം./തീയതി-<br>53/AE/LSGD/NML/<br>15-16/3.3..2016<br>ബിൽ നം./ തീയതി-<br>4/16-17/31.10.2016<br>തുക-348680/-<br>T.S.No.679/AEE/ LSGD/CDLM/15-16 / 20.7.2015.<br>എം.ബുക്ക് നം. | $9m^3$ | @8172.30/$m^3$ =73,550.70 | @7756.68/$m^3$ =69,810.12 | 3741 | ഇല്ല | 3,741 |

| | | | | | | |
|---|---|---|---|---|---|---|
| 68/15-16. | | | | | | |
| 2)നം.S0038/17<br>പറയരുകോണം കോളനി റോഡ് പുനരുദ്ധാരണം.<br>അടങ്കൽ-200000/-(Plan-SCP)<br>കരാറുകാരൻ-ഗോപകുമാർ.വി. (എസ്റ്റിമേറ്റ് നിരക്ക്)<br>എഗ്രി.നം./തീയതി-<br>56/AE/LSGD/NML/<br>15-16/3.3..2016<br>ബിൽ നം./ തീയതി-<br>6/16-17/31.10.2016<br>തുക-194626/-<br>T.S.No.678/AEE/ LSGD/CDLM/15-16 / 20.7.2015.<br>എം.ബുക്ക് നം. 64/15-16. | 9.3875$m^3$ | @8172.30/$m^3$ =76,717.47 | @7756.68/$m^3$ =72,815.83 | 3,902 | ഇല്ല | 3,902 |

| | | | | | | |
|---|---|---|---|---|---|---|
| 3)നം.S0029/17<br>ബംഗ്ലാംകുന്ന്-പാണംകോണം റോഡ് കോൺക്രീറ്റിംഗ്-രണ്ടാം ഘട്ടം.<br>അടങ്കൽ-360000/-(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)<br>കൺവീനർ-നസീറബീവി<br>എഗ്രി.നം./തീയതി-<br>55/AE/LSGD/NML/<br>15-16/3.3..2016<br>ബിൽ നം./തീയതി-<br>7/16-17/31.10.2016<br>തുക-352889/-<br>T.S.No.843/AEE/LSGD/CDLM/15-16 / 25.2.2016.<br>എം.ബുക്ക് നം. 63/15-16. | 17.092m3 | @7392.81/$m^3$ =1,26,357.91 | @7016.80/$m^3$ =1,19,931.15 | 6,427 | ഇല്ല | 6,427 |
| ആകെ | | | | | | 14,070/- |

മേൽ വിഷയം സംബന്ധിച്ച് 28.10.2017- ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9) ലഭ്യമാക്കിയ മറുപടിയിൽ C.C.1:2:4 (4.1.3) എന്ന സ്പെസിഫിക്കേഷൻ മാസ് കോൺക്രീറ്റിംഗിനുവേണ്ടിയുള്ളതാണെന്നും, ഇതിന്റെ ഡേറ്റായിൽ കോൺക്രീറ്റ്

മിക്സിംഗ്, കോംപാക്ടിംഗ് തുടങ്ങിയ പ്രവൃത്തികൾക്കുള്ള ലേബർ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, റോഡ് കോൺക്രീറ്റിന് കോൺക്രീറ്റ് ഇടുക, ലെവൽ ചെയ്യുക, കേംബർ ചെയ്യുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്ന ഐറ്റം 11.7 തന്നെയാണ് നൽകേണ്ടതെന്നും പരാമർശിച്ചിരിക്കുന്നു. എന്നാൽ ഡി.എസ്.ആർ-2014, കോഡ് 11.7-ൽ മേൽ വിവരിച്ച ഇനങ്ങൾക്കല്ല അധികനിരക്ക് അനുവദിച്ചിട്ടുള്ളത്, മറിച്ച് ഫ്ലോർ ഫിനിഷിംഗിന് മാത്രമാണ്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ഫ്ലോർ ഫിനിഷിംഗ് ആവശ്യമില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

അധികം നൽകിയ തുക (14,070/-രൂ) ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-7 <u>അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ പരിപാലനം -മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല</u>

തെരുവുവിളക്കുകളുടെ പരിപാലനത്തിന് അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃക അവലംബിക്കുന്ന ഇതര ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പിലേക്ക് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിലും തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധമായി നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തി.

അടാട്ട് മാതൃകയിൽ തെരുവുവിളക്കുകൾ പരിപാലിക്കുന്നതിലേയ്ക്ക് സെക്രട്ടറി നിർവഹണം നടത്തിയ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി എന്ന പ്രോജക്ട് പ്രകാരം (പ്രോജ നം. 56/17 ) വികസനഫണ്ട് ഇനത്തിൽ വകയിരുത്തിയ 2,00,000/- രൂപയിൽ നിന്ന് 29,400/-രൂപ രണ്ട് ഇലക്ട്രീഷ്യന്മാർക്കുള്ള വേതനമായി 30.03.17 ലെ ബിൽ നം. 25 ,29.3.17 പ്രകാരം മാറിനൽകുകയും തെരുവുവിളക്ക് മെയിന്റനൻസിനായി സാധനസാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. 59/17 ) വികസന ഫണ്ട് ഇനത്തിൽ 2,60,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കുകയും 2,34,150/- രൂപ ചെലവഴിച്ച് തെരുവ് വിളക്കുകൾക്കുള്ള ഉകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായോ രേഖകൾ സൂക്ഷിച്ചിട്ടുള്ളതായോ കാണുന്നില്ല.

വാർഡുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും കേടായ

സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തണമെന്നുമുള്ള പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുംപ്രകാരം മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുകയോ ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവുവിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവുവിളക്കുകൾ റിസർവായി കരുതാവുന്നതാണെന്നും പ്രസ്തുത മാർഗരേഖയിൽ വ്യക്തമാക്കുന്നു. എന്നാൽ അത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം വ്യക്തമാക്കുന്ന കെ.എസ്.ഇ.ബി.യിൽ നിന്നുള്ള താരിഫ് ചാർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബി.ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് മോണിറ്ററിംഗ് മാസത്തിലൊരിയ്ക്കൽ നടത്തിയതായി വ്യക്തമാക്കുന്ന രേഖകളില്ല.

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 28.10.17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8-ന് തെരുവുവിളക്കുകൾക്കായുള്ള ഉപകരണങ്ങൾ വാങ്ങിയതിന്റെ സാധുതയും പരിപാലനം നടത്തിയതിന്റെ കൃത്യതയും വ്യക്തമാക്കുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനും രേഖകൾ സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് .

**3-8** കമ്പ്യൂട്ടർ വാർഷിക അറ്റകുറ്റപ്പണി - വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകളോ ലൈസൻസ് വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കമ്പ്യൂട്ടർ വാർഷിക അറ്റകുറ്റപ്പണി എന്ന പ്രോജക്ട് പ്രകാരം (നം. 42/17) തനതു ഫണ്ടിൽ നിന്ന് 13.03.17 ലെ വൗച്ചർ നം.21600957 പ്രകാരം 72,817/-രൂപ പിൻവലിച്ച് കമ്പ്യൂട്ടറുകൾ, സ്കാനർ,പ്രിന്ററുകൾ എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണിക്കായി ആനുവൽ മെയിൻറനൻസ് കോൺട്രാക്ട് പ്രകാരം കെൽട്രോണിൽ ഒടുക്കിയിയിട്ടുണ്ട്. എന്നാൽ

24.09.2010 ലെ 86/2010/ ധന സർക്കുലറിൽ വ്യക്തമാക്കുംപ്രകാരം കംപ്യൂട്ടറുകളുടെ കോൺഫിഗറേഷൻ, തരം, ഗ്യാരണ്ടി മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും സോഫ്റ്റ് വെയർ സിഡി/ഡിവിഡി, ലൈസൻസ് വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഏതൊക്കെയുണ്ടെന്നോ എത്ര വീതമുണ്ടെന്നോ, വാറണ്ടിയുള്ളവ എത്രയെന്നോ വ്യക്തമല്ല.

24.09.2010 ലെ 86/2010/ ധന സർക്കുലറിൽ പ്രതിപാദിക്കും പ്രകാരം കംപ്യൂട്ടറുകളുടെ വിവരങ്ങൾ നിശ്ചിത മാതൃകയിൽ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,20,000/- | വനിത ഗൃഹനാഥയായുള്ള വീടുകളുടെ പുനരുദ്ധാരണം | 4,20,000/- | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | റോഡ് വികസനത്തിനായി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21601047 തീയതി 28.03.17 | 81,000/- | 81,000/- | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്. ഭവന പദ്ധതി | 522/2010 തീയതി 17.12.2010 | 8,70,50,000/- | 35,14,300/- | 8,70,500/- | | 26,43,800/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,14,086 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4,14,086 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,14,086 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,38,81,375 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,83,06,453 |
| വരവിനങ്ങളിലുള്ള നഷ്ടം | 23,100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23,183 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,00,665 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 23,100 | | ശ്രീമതി.ഡി.ബേബി സരോജം,അസിസ്റ്റന്റ് സെക്രട്ടറി |
| 3-1 | | 9,113/- | ശ്രീമതി.ഡി.ബേബി സരോജം,അസിസ്റ്റന്റ് സെക്രട്ടറി. |
| 3-6 | | 7,035/- | ശ്രീ.വിജയകുമാരൻപിള്ളഅസി.എഞ്ചിനീയർ |
| | | 7,035/- | ശ്രീ.അശോക് കുമാർ റ്റി.വി., അസി. എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,00,000/- | ശ്രീമതി. കെ.വി.ശ്രീകുമാരി., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-4 | 2,00,665/- | ഡോ.സുരേഷ് ബാബു,മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തര- വാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഡി.ബേബിസരോജം, അസിസ്റ്റന്റ് സെക്രട്ടറി. | സെക്രട്ടറി,മൂന്നിയൂർ ഗ്രാമപഞ്ചായത്ത്. | നെടിയവിള പുത്തൻവീട്,ചാവർകോട്, പാരിപ്പള്ളി പി.ഒ. |
| ശ്രീ.വിജയകുമാരൻപിള്ള, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നിലമേൽ ഗ്രാമപഞ്ചായത്ത്. | ലക്ഷ്മി വിലാസം, ഝുറ്റിക്കൽ,മതിര പി ഒ, കടയ്ക്കൽ. |
| ശ്രീ. അശോക് കുമാർ റ്റി.വി, അസി. എക്സി.എഞ്ചിനീയർ | ലഭ്യമല്ല. | റ്റി സി 13/1765, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.ക്യൂ.പി6-1278(1)/14, 17-06-2014 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ക്യൂ.പി6-1278(3)/14, 17-06-2014 | 2 |
| 1998-99 | എൽ.എഫ്.ക്യൂ.പി6-1278(4)/14, 17-06-2014 | 8 |
| 1999-2000 | എൽ.എഫ്.ക്യൂ.പി6-1278(5)/14, 17-06-2014 | 15 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.ക്യൂ.പി6-1278(7)/14, 17-06-2014 | 7 |
| 2002-03 | എൽ.എഫ്.ക്യൂ.പി6-1278(8)/14, 17-06-2014 | 6 |
| 2003-04 | എൽ.എഫ്.ക്യൂ.പി6-1278(9)/14, 17-06-2014 | 10 |
| 2004-05 | എൽ.എഫ്.ക്യൂ.പി6-1278(10)/14, 17-06-2014 | 9 |
| 2005-06 | എൽ.എഫ്.ക്യൂ.പി6-1278(11)/14, 17-06-2014 | 22 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1278(12)/14, 17-06-2014 | 12 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1278(13)/14, 17-06-2014 | 18 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1278(14)/14, 17-06-2014 | 7 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1278(15)/14, 17-06-2014 | 18 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1278(16)/14, 17-06-2014 | 20 |
| 2011-12 | എൽ.എഫ്.ക്യൂ.പി6-1885/2015/, 05-06-2015 | എല്ലാ ഖണ്ഡികകളും |
| 2012-13<br>2013-14 | എൽ.എഫ്.ക്യൂ.പി6-1222/15, 10-08-2015 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ എസ് എ . കെ എൽ എം -പി6-1142/16, 21-7-16 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ എസ് എ . കെ എൽ എം -പി6-307/17, 13-02-17 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-10 സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം- പി3/1946/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 18/12 /2017

*സാക്ഷ്യപത്രം 2016-17*

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിന്റെ 215-ാംവകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.